PUBLIC HEALTH DEPARTMENT—UTILISATION OF TENDER SAVINGS—PROHIBITION OF

224. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ശവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) പബ്ലിക്കു് ഹെൽത്തു് പഞ്ചായത്തു് ഡിപ്പാർട്ടുമെണ്ടിൽനിന്നു നടത്തിക്കുന്ന ഓരോ പണികളുടെ ടെണ്ടർ കിഴിവു സംഖ്യ അതാതു പണികൾ പൂർത്തീകരിപ്പാൻ എസ്റ്റിമേറിൽ പറഞ്ഞിട്ടില്ലാത്തതാണെങ്കിൽ ചിലവിടുവാൻ പാടില്ലെന്നു് ഗ്രാമോദ്ധാരണമന്ത്രി അവർകളുടെ ഒരു പ്രൊസീഡിംഗ്സു് ഉണ്ടൊ; ഉണ്ടെങ്കിൽ എന്നു്;

(ബി) ഈ പ്രൊസീഡിംഗ്സിനു വിപരീതമായി ഏതെങ്കിലും പഞ്ചായത്തിൽ ഏതെങ്കിലും ഡീവിയേഷൻ പണിക്കു ടെണ്ടർ കിഴിവു വിനിയോഗിച്ചിട്ടുണ്ടൊ;

(സി) ഉണ്ടെങ്കിൽ അതുകൊണ്ടു ഏതേതു പഞ്ചായത്തിൽ ഏതേതു പണിക്കാണെന്നും ആരുടെ ഹിതപ്രകാരമാണു് ചിലവുചെയ്തിട്ടുള്ളതെന്നും പറയാമൊ?

ഡാക്ടർ എ. ആർ. മേനോൻ: (എ) ഇല്ല.

(ബി) & (സി) മേൽപറഞ്ഞ മറുപടികൊണ്ടു് ഈ ചോദ്യങ്ങൾക്കു ഉത്തരമാവശ്യമില്ല.

SALE OF EATABLES IN FRONT OF SCHOOLS, Etc.

225. മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ശവമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) വഴിവക്കുകളിലും പ്രത്യേകിച്ചു പള്ളിക്കൂടങ്ങളുടെ മുൻവശങ്ങളിലും പൊടിയണിഞ്ഞും മറ്റും വൃത്തികേടായിരിക്കുന്ന പലഹാരങ്ങളും വിദ്യാർത്ഥികൾക്കും മറ്റും വില്പനക്കായി വെച്ചുവരുന്ന ഏപ്പാടു് ശവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ;

(ബി) ഇപ്രകാരമുള്ള ഏപ്പാടു് കഴിയുന്നതും വേഗത്തിൽ ബഹുമാനപ്പെട്ട ശവമ്മെണ്ടു് നിരുത്തൽ ചെയ്യാമൊ?

ഡാക്ടർ എ. ആർ. മേനോൻ: (എ) ഉണ്ടു്.

(ബി) നിരുത്തൽ ചെയ്യുവാനുള്ള നടപടികളും നടത്തിട്ടുണ്ടു്.

COTTAGE INDUSTRIES—GRANT TO DEPRESSED CLASSES

226. മിസ്റ്റർ കെ. പി. വള്ളോൻ: അധഃകൃതർ നടത്തിവരുന്ന കുടിൽ വ്യവസായത്തിനു് ധനസഹായം ചെയ്തു പ്രസ്തുത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുവാൻ കനിവുണ്ടാകുമൊ?

ഡാക്ടർ എ. ആർ. മേനോൻ: ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly

Page 1